"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ്-കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്-ജീവനക്കാര്യം-കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് തസ്തികയിലെ അന്യത്രസേവനം-ശ്രീമതി സിന്ധു എം.-ന്റെ അന്യത്രസേവന കാലാവധി അഞ്ചാം തവണ ദീർഘിപ്പിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**406/2025/LBR** തീയതി,തിരുവനന്തപുരം, **27-03-2025**

---

പരാമർശം:-
1. **10/05/2013**-ലെ **42/2013**/ധന നമ്പർ സർക്കുലർ.
2. **19/02/2021**-ലെ സ.ഉ.(സാധാ) നമ്പർ **389/2021**/തൊഴിൽ.
3. **15/03/2022**-ലെ സ.ഉ.(സാധാ) നമ്പർ **310/2022**/തൊഴിൽ.
4. **24/04/2023**-ലെ സ.ഉ.(സാധാ) നമ്പർ **506/2023**/തൊഴിൽ.
5. **14/03/2024**-ലെ സ.ഉ.(സാധാ) നമ്പർ **378/2024**/തൊഴിൽ.
6. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ **24/02/2025**-ലെ **TWWFB/CEO/107/2023-B1** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന, സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക്, ശ്രീമതി സിന്ധു എം.-ന്റെ അന്യത്രസേവന കാലാവധി അഞ്ചാം തവണ ദീർഘിപ്പിച്ചു നൽകുന്നതിന് ടി ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ പരാമർശം **(6)** പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീമതി സിന്ധു എം.-ന്റെ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് തസ്തികയിലെ അന്യത്രസേവന കാലാവധി, അന്യത്രസേവന നിയമനം സംബന്ധിച്ച നിലവിലെ ചട്ടങ്ങൾക്കും പരാമർശം **(1)** സർക്കുലറിലെ നിബന്ധനകൾക്കും വിധേയമായി, **03/03/2025** മുതൽ

ഒരു വർഷത്തേയ്ക്ക് കൂടി (അഞ്ചാം തവണ) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**O B ARUN KUMAR**
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം (**20/02/2025**-ലെ **SJD/5281/2023-E2** നമ്പർ കത്ത് പ്രകാരം).
ശ്രീമതി സിന്ധു എം., സീനിയർ ക്ലർക്ക് (കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ. & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ).
സംഭരണ ഫയൽ / ഓഫീസ് കോപ്പി (നമ്പർ **LBRD-H1/38/2025-LBRD**).

ഉത്തരവിൻ പ്രകാരം
Signed by
Arun S R
Date: 27-03-2025 11:27:02
സെക്ഷൻ ഓഫീസർ

പകർപ്പ് :- പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്.
തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ സി.എ.-യ്ക്ക്.